**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 816** | **12-06-2024 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം മണ്ഡലത്തിലെ ഗോശാലിക്കുന്ന് കോളനി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്ദമംഗലം മണ്ഡലത്തിലെ ഗോശാലിക്കുന്ന് കോളനി നവീകരണത്തിന് ഭരണാനുമതി ലഭ്യമാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | കുന്ദമംഗലം മണ്ഡലത്തിലെ ഗോശാലിക്കുന്ന് കോളനിയെ 20-01-2021 ൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചത് ആരെയാണെന്ന് അറിയിക്കാമോ; | (ബി) | ജില്ലാ നിർമ്മിതി കേന്ദ്രം കോഴിക്കോട്. |
| (സി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നത് വൈകുന്നതിന് ഇടയാക്കിയ കാരണമെന്താണെന്ന് അറിയിക്കാമോ; | (സി) | നവീകരണത്തിനായി ഉൾപ്പെടുത്തേണ്ടുന്ന പ്രവൃത്തികൾ തീരുമാനിക്കുന്നതിനുള്ള കാലതാമസം നേരിട്ടതു കൊണ്ടാണ് പദ്ധതി ആരംഭിക്കുവാൻ വൈകിയത്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അനുമതിയ്ക്കായി ഡയറക്ടർക്ക് സമർപ്പിച്ചത് എന്നാണെന്നറിയിക്കാമോ; | (ഡി) | 02-03-2024 ന് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. |
| (ഇ) | അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതിൽ നിരന്തര കാലതാമസം വരുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (ഇ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ചും ന്യൂനതകൾ ഉള്ള പക്ഷം ആയത് പരിഹരിച്ചും കാലതാമസം കൂടാതെ അനുമതി നൽകുന്നുണ്ട്. എന്നാൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് മോണിറ്ററി കമ്മിറ്റിയിൽ ഉണ്ടാകുന്ന കാലതാമസവും, പൊതു പ്രവൃത്തികൾക്കായി സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നതും കാരണം എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ